(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലബാറിലെ ക്ഷേത്രജീവനക്കാരുടെ ശമ്പളം 29-6-2004-ലെ ജി.ഒ. (എം എസ്.) നം. 225/04/ആർഡി. പ്രകാരം പരിഷ്ക്കരിച്ച് നൽകിയിട്ടുണ്ട്.

(സി) ഈ കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ദേവസ്വം ബോർഡുകൾ

46 [2909] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള എത്ര ദേവസ്വം ബോർഡുകൾ ഉണ്ട്;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ദേവസ്വം ബോർഡിൽ നിക്ഷിപ്ത മായിരിക്കുന്നത്;

(സി) ഓരോ ദേവസ്വം ബോർഡുകളുടെയും അധീനതയിൽ എത്ര ക്ഷേത്രങ്ങൾ വീതം ഉണ്ട്;

(ഡി) സ്വകാര്യ ക്ഷേത്രങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് ദേവസ്വം ബോർഡ് സഹായം നൽകാറുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് സഹായം നൽകുന്നത്;

(ഇ) സ്വകാര്യ കാവുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണത്തിനായി ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) രണ്ട് ദേവസ്വം ബോർഡുകൾ.

(ബി) ദേവസ്വം ബോർഡുകളുടെ കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ നടത്തിപ്പ് അതാത് ദേവസ്വം ബോർഡുകളിൽ നിക്ഷിപ്തമാണ്. 1950-ലെ ട്രാവൻകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ് തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകൾ പ്രവർത്തിക്കുന്നത്.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 1207 ക്ഷേത്രങ്ങളും കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിൽ 393 ക്ഷേത്രങ്ങളും ഉണ്ട്.

(ഡി) നിത്യപൂജ നടത്താൻ വകയില്ലാത്തതും ആയതിലേക്ക് ധനസഹായം ആവശ്യപ്പെടുന്നതുമായ സ്വകാര്യ ക്ഷേത്രങ്ങൾക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് പൂജാഗ്രാന്റ് നൽകിവരുന്നുണ്ട്.

(ഇ) ദേവസ്വം വകുപ്പിന് ഇപ്പോൾ പദ്ധതികളൊന്നും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly